ശ്രീ. കെ. ഐ. വേലായുധൻ : കണ്ടാക്ടർമാർ തടികൾ കൊണ്ടുപോകാൻ ഒരു ചെറിയ റോഡു വെട്ടിയിരുന്നു. അതു വഴിയാണ് വന്നതു്. മദ്രാസ് ഗവണ്മെൻറിനു അടുത്തുതന്നെ ഒരു ഫാറസ്റ്റുണ്ടു്. അതിലെ തടികൾ കൊണ്ടുപോകാൻ പത്തൻപതു കൊല്ലങ്ങൾക്കുമുമ്പു് ഒരു റോഡു വെട്ടിയിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ഈ പറമ്പിക്കുളം പദ്ധതി കൊണ്ടു് നമുക്കെന്തെങ്കിലും തരാവുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആ പദ്ധതി എടുത്തു നടത്തുകയാണെങ്കിൽ നമുക്കു ചില വിഷമങ്ങൾ ഉണ്ടാകും.

ശ്രീ. പ്രാക്കുളം ഭാസി : അതിനെപ്പറ്റി ഈ ഗവണ്മെൻറു മദ്രാസു ഗവണ്മെൻറിനു് എഴുതിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : എഴുതുകയുണ്ടായി. പക്ഷെ മറുപടിയിൽ "ഇൻഫാർമലായി" വന്നതാണു്, യാതൊന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു കാര്യം അവസാനിച്ചിരിക്കുകയാണു്.

തൊഴിൽത്തക്കക്കോടതി.

* 8. [8] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. കെ. എൻ. കുഞ്ഞുകൃഷ്ണപിള്ള ചാർജ്ജു വിട്ടതിനു ശേഷം, പുതിയ ഒരാളെ നിയമിക്കുന്നതിനു് എത്രകാലം വേണ്ടിവന്നു;

(ബി) എത്ര കേസ്സുകൾ പ്രസ്തുത കോടതിയിൽ 1955 വർഷത്തിൽ ഫയൽ ചെയ്തിട്ടുണ്ടു് ;

(സി) എത്ര കേസ്സുകളുടെ നടപടി പൂർത്തിയാക്കിയിട്ടുണ്ടു് ;

(ഡി) എറണാകുളം തൊഴിൽത്തക്കക്കോടതി വീണ്ടും ആരംഭിക്കാൻ എന്നാണു് തീരുമാനിച്ചതു് ;

(ഇ) തുടങ്ങുന്നതിനു് ഇത്രയും താമസം നേരിടാനുള്ള കാരണം എന്താണു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശ്രീ. കെ. എൻ. കുഞ്ഞുകൃഷ്ണപിള്ള ചാർജ്ജുവിട്ട 15 ദിവസം കഴിഞ്ഞപ്പോഴേയ്ക്കും പകരം ആളെ വച്ചു.

(ബി) പ്രസ്തുത കോടതിയിൽ 1955-ൽ 252 കേസുകൾ ഫയൽ ചെയ്തിട്ടുണ്ടു്.

(സി) അവയിൽ 67 കേസുകളുടെ നടപടി പൂർത്തിയായിട്ടുണ്ടു്.

(ഡി) എറണാകുളം തൊഴിൽത്തക്കക്കോടതി വീണ്ടും ആരംഭിക്കുവാൻ 17-12-55-ൽ തീരുമാനിച്ചു.

(ഇ) കോടതി തുടങ്ങുന്നതിനു പ്രാരംഭമായി പല സംഗതികളെപ്പറ്റിയും ആലോചിക്കേണ്ടിവന്നു. വളരെ കാലതാമസം നേരിട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : ശ്രീ. കുഞ്ഞുകൃഷ്ണപിള്ള ചാർജ്ജ് വിടുന്നതിനു വളരെ അധികം താമസിച്ചതെന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചാർജ്ജ് വിടുന്നതിനു് താമസിച്ചതു് പകരം ആളെ കിട്ടാത്തതുകൊണ്ടല്ല. അദ്ദേഹം നമ്മുടെ സ്റ്റേറിൽനിന്നും ഡെപ്യൂട്ടേഷനായി ഇൻഡ്യാഗവണ്മെൻറിൽ ഒരു ഉദ്യോഗസ്ഥനായി പോകുകയാണു്. നമ്മുടെ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഉദ്യോഗം ഒരു സ്ഥിരലാവണമല്ല. സ്ഥിരലാവണമല്ലാത്തതുകൊണ്ടു് ഡെപ്യൂട്ടേഷനായി പോകുമ്പോൾ ലീൻ അനുവദിക്കാൻ നിവൃത്തിയില്ല. അതിനാൽ ലാവണം സ്ഥിരപ്പെടുത്തിയതിന്റെ ശേഷം അദ്ദേഹത്തെ വിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥിരത്വം മറ്റും ദോഷമുണ്ടാകും. അതിനുവേണ്ട നടപടിയെടുക്കാൻ കുറച്ചു താമസം വന്നു.

ശ്രീ. പ്രാക്കുളം ഭാസി : തിരുവനന്തപുരം ട്രൈബ്യൂണലിലേയ്ക്കു റഫർ ചെയ്തിട്ടുള്ള കേസുകൾ ആലപ്പുഴ, എറണാകുളം എന്നീ സ്ഥലങ്ങളിലേയ്ക്കു് മാറ്റുന്നതിനു പ്രത്യേക നോട്ടിഫിക്കേഷന്റെ ആവശ്യമില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുവേണ്ട നടപടികൾ നടത്തുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ഒരു കോടതിയിലിരിക്കുന്ന കേസ് മറ്റൊരു കോടതിയിലേയ്ക്കു് മാറ്റുന്നതിനു് നിയമ സാധുതയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ തടസ്സങ്ങളൊന്നും നീക്കാൻ പാടില്ലാത്തതല്ല.

സെക്കൻഡറി എഡ്യൂക്കേഷൻ കമ്മീഷൻ.

* 9. [9] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാഗവണ്മെൻറിന്റെ സെക്കൻഡറി എഡ്യൂക്കേഷൻ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പഠനക്രമത്തിലും, വിദ്യാലയങ്ങളിലെ സംഘടനാപരമായ ഘടനയിലും, സാരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഏതെങ്കിലും ഉത്തരവുകൾ ഗവണ്മെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം ;

(സി) അവ എന്നുമുതൽ നടപ്പിലാകും ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇൻഡ്യാഗവണ്മെൻറിന്റെ സെക്കൻഡറി എഡ്യൂക്കേഷൻ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പഠനക്രമത്തിലും, വിദ്യാലയങ്ങളിലെ സംഘടനാപരമായ ഘടനയിലും സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള ചില ഉത്തരവുകൾ ഗവണ്മെൻറിൽനിന്നും പുതുതായി പുറപ്പെടുവിച്ചിട്ടുണ്ടു്. പ്രസ്തുത ഉത്തരവിന്റെ ഒരു പ്രതി † മേശപ്പുറത്തു വച്ചിരിക്കുന്നു.

† Please See Appendix I.

LIBRARY ARCHIVES Kerala Legislative Assembly